I/120883/2023

**മിഷന് വാത്സല്യ : കേരളം**

**സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

**മെമ്പര് സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

(ഹാജർ.ശ്രീമതി പ്രിയങ്ക ജി ഐ എ എസ് , വനിത ശിശു വികസന ഡയറക്ടർ)

---

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോമിലെ കിണറ്റിനു മുകളിൽ ഇരുമ്പ് കമ്പ് ഉപയോഗിച്ച സംരക്ഷണ നെറ്റ് നിർമിക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിൽ നിന്നുള്ള 22/02/2023-ലെ ഇതേ നമ്പർ ഉത്തരവ്
2. വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ് സ് സൂപ്രണ്ടിന്റെ 03/08/2023-ലെ CHW/46/2023 നമ്പർ കത്ത്.
3. 07/12/2018-ലെ G.O. (P) No. 188/2018/Fin നമ്പർ സർക്കാർ ഉത്തരവ്.
4. മിഷൻ വാത്സല്യ ഗൈഡ് ലൈൻ
5. ഈ കാര്യാലയത്തിൽ നിന്നുള്ള 18/08/2023-ലെ DWCD/4655/2023-ICPS 2 നമ്പർ സർക്കുലർ.
6. ഈ കാര്യാലയത്തിൽ നിന്നുള്ള 05/10/2023-ലെ DWCD/5567/2023-ICPS 2 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/3643/2022-ICPS 2 തീയതി: 13-10-2023</u>**

വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് പരിസരത്തുള്ള കിണർ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ കിണറ്റിന്റെ മുകളിൽ ഉറപ്പുള്ള ഇരുമ്പ് കമ്പി ഉപയോഗിച്ച് നെറ്റ് നിർമ്മിക്കുന്നതിനായി സ്ഥാപന സൂപ്രണ്ട് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 16,500/-രൂപ രേഖപ്പെടുത്തിയ ശ്രീ.ജലീൽ, ജെ.എസ് ഇൻഡസ്ട്രിയൽ ചിത്രമൂല ജംഗ്ഷൻ, കണിയാമ്പറ്റ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ച് തുക അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിരുന്നു. എന്നാൽ ട്രഷറി നിയന്ത്രണങ്ങൾ കാരണം കഴിഞ്ഞ സാമ്പത്തിക വർഷം മേൽപ്പറഞ്ഞ തുക മാറുവാൻ കഴിയാത്ത സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത തുക അനുവദിക്കണമെന്ന് സ്ഥാപന സൂപ്രണ്ട് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

പരാമർശം (5) പ്രകാരം നടപ്പ് സാമ്പത്തിക വർഷം വയനാട് ജില്ലയിൽ സ്വാച്ഛതാ അക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിലേക്കായി 1,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ വയനാട് ഗവ ചിൽഡ്രൻസ് ഹോമിനായി നടപ്പ സാമ്പത്തിക വർഷം 61,000/-രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും, ആയതിന്റെ 50% തുകയായ 30,500/-രൂപ അനുവദിക്കുകയും ചെയ്തു.

ടി സാഹചര്യത്തിൽ ട്രഷറി നിയന്ത്രണങ്ങൾ കാരണം കഴിഞ്ഞ സാമ്പത്തിക വർഷം മേൽപ്പറഞ്ഞ തുകയായ 16,500/-രൂപ മാറുവാൻ കഴിയാത്ത സാഹചര്യത്തിൽ പരാമർശം (1)

പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യും, വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് പരിസരത്തുള്ള കിണറ്റിൻറെ മുകളിൽ ഉറപ്പുള്ള ഇരുമ്പ് കമ്പി ഉപയോഗിച്ച് നെറ്റ് നിർമ്മിക്കുന്നതിനായി സ്ഥാപന സൂപ്രണ്ട് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ **16,500/-രൂപ (പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം)** മിഷൻ വാത്സല്യ ഗൈഡ് ലൈൻ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ സ്വച്ഛതാ അക്ഷൻ പ്ലാൻ കമ്പോണന്റിൽ നിന്നും വിനിയോഗിക്കുന്നതിനും ടി തുക അനുവദിച്ചും ഉത്തരവാകുന്നു.

ടി തുക (16,500/-രൂപ) സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മിഷൻ വാത്സല്യ സ്കീം കോഡ് KL 242 വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ SNA അക്കൗണ്ട് ആയ IDBI Bank - ന്റെ 0889104000111737 IFSC : IBKL0000889 എന്ന അക്കൗണ്ടിൽ 1.38 Swachhata Action Plan കമ്പോണന്റിൽ നിന്നും വയനാട് ജില്ലാ വനിത ശിശു വികസന ഓഫീസറുടെ SNA അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, വയനാട് ജില്ലാ വനിത ശിശു വികസന ഓഫീസർ ടി തുക വയനാട് കണിയാമ്പറ്റ ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതുമാണ്.

ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

PRIYANKA G

**വനിത ശിശു വികസന ഡയറക്ടർ&**

**മെമ്പർ സെക്രട്ടറി**

**സ്റ്റേറ്റ് ചൈല്ഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
കണിയാമ്പറ്റ, വയനാട്

<u>പകർപ്പ് :</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ, വയനാട്
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
3. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
4. ICPS-10
5. സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 13-10-2023 15:30:56